നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട

നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം**:-നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട -വ്യാവസായകെട്ടിട നിർമ്മാണം (Group.G.2 –Small Industrial Occupancy) -വർഗീസ് തടത്തിൽ വീട്, കരുവാറ്റ, അടൂരിന്റെ അപേക്ഷ - സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലെ ഒപ്റ്റിനും അംഗീകാരം നൽകി ഉത്തരവാകുന്നതു സംബന്ധിച്ച്

**പരാമർശം** :-1.അടൂർ നഗരസഭാ സെക്രട്ടറിയുടെ 28.1.2019, 18.3.2019 എന്നീ തീയതികളിലെ BA/511/18-19 നമ്പർ കത്തുകൾ

2. ശ്രീ വര്ഗീസ്,തടത്തിൽ,കരുവാറ്റ വീട് അടൂരിന്റെ 26/03/2019 ലെ അപേക്ഷ

******************************************************************************************

ഉത്തരവ് നമ്പർ :- TCPPTA/ 295/2019- C **29/03/2019**

******************************************************************************************

അടൂർ നഗരസഭയിൽ അടൂർ വില്ലേജിൽ സർവ്വേ നമ്പർ 177/2 ൽ ഉൾപ്പെട്ട 89.60 ആർ വിസ്തീര്ണമുള്ളതും നിലവിൽ വാസഗൃഹങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നതുമായ പ്ലോട്ടിൽ 182.90 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഒരു നില (Ground floor) വ്യവസായ (Hollow Block Manufacturing unit, Power used 3HP and Number of labours-3) ആവശ്യത്തിനുള്ള കെട്ടിടം (Group.G.2 –Small Industrial Occupancy) നിർമിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമാണച്ചട്ടം 1999 (KMBR - 1999) , ചട്ടം 57(2), ചീഫ് ടൗൺ പ്ലാനറുടെ 03.1.2018 ലെ E3/13128/17 നമ്പർ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായി സ്ഥാലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

തഴപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.

<u>നിബന്ധനകൾ</u>

1. കെ എം ബി ആർ -1999 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
2. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം
3. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം

4. ഖര-ദ്രവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം. കെ എം ബി ആർ -1999 ചട്ടം 57(14), 57(15) എന്നിവ പാലിച്ചിരിക്കണം
5. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള അളവുകൾ മറ്റു വിശദാംശങ്ങൾ എന്നിവ എന്നിവ ശരിയാണെന്നു ഉറപ്പുവരുത്തണം.
6. KMBR - 1999 , ചട്ടം 57(13) നു അനുസൃതമായ Sanitation facilities പൂർണമായും നൽകിയിരിക്കണം.
7. നിർമ്മാണം കെ എം ബി ആർ -1999 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം

**ANILKUMAR P, TP TPPTA, O/O TP TPPTA**

ഉള്ളടക്കം:-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ (1set )

സെക്രട്ടറി, അടൂർ മുൻസിപ്പാലിറ്റി

പകർപ്പ്:-1.വർഗീസ്

,
തടത്തിൽ വീട്
കരുവാറ്റ, അടൂർ

2. ഓഫീസിൽ കോപ്പി
3. വെബ്സൈറ്റ്
4. അധികം

OFFICE OF THE TOWN PLANNER
PIN: 689 645
*PATHANAMTHITTA*